97 (562) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന റോഡുകൾ

<u>ശ്രീമതി ശോഭനാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിൽ ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ റോഡിന്റെയും പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) ആല-അത്തലകടവ് റോഡിന്റെ പണി ഇതുവരെ ആരംഭിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വെണ്ണക്കര ഹരിജൻ ക്ഷേത്രം-താഴംവാതുക്കൽ-കൊഴവങ്ങൂർ, പെരമ്പഴകടവ്-അങ്ങാടിക്കൽ തെക്ക് ഹാച്ചറി-മലേപ്പടി, എണ്ണയ്ക്കാട്-മാംമ്പ്ര പാടം-കോടുകുളഞ്ഞി, ആല അത്തലകടവ് പുളിംചുവട് എന്നീ റോഡുകളുടെ പണി എന്ന് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ റോഡുകൾ പൂർത്തീകരിച്ച് എന്ന് ഉൽഘാടനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചോദ്യം അവ്യക്തമാണ്.

(സി&ഡി) ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെയ്ത ജോലികളുടെ പണം നൽകാൻ കാലതാമസം നേരിട്ടതിനാൽ കരാറുകാരൻ പണി നിർത്തിവച്ചിരിക്കുകയാണ്.

(ഇ&എഫ്) മിക്ക റോഡുകളുടെയും പണി പുരോഗതിയിലാണ്. നിർത്തിവച്ചിരിക്കുന്ന പണികൾ പുനരാരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. പണികൾ പൂർത്തിയായതിന് ശേഷമേ ഉദ്ഘാടന തീയതിയെക്കുറിച്ചുള്ള വിവരങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

98 (565) ആലപ്പുഴയിലെ റോഡുകളുടെ ശോച്യാവസ്ഥ

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ പ്രധാനപ്പെട്ട റോഡുകളിൽ കാനകൾ ഇല്ലാത്തതിനാൽ മഴക്കാലത്ത് വെള്ളം റോഡിൽ ഒഴുകി റോഡുകൾ പൊട്ടിപ്പൊളിയുകയും ഗതാഗതത്തിന് തടസ്സമുണ്ടാകുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) നഗരത്തിലെ റോഡുകളിൽ കാനകൾ നിർമ്മിക്കുന്നതിന് ആവശ്യമായ ശുപാർശ പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly